# NATIONAL BULLETIN

DATE: 07.10.2026 | പ്രധാന വാർത്തകൾ | TIME : 12.50 PM

1.ഭരണനേതൃത്വത്തിൽ കാൽ നൂറ്റാണ്ട് പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി, ജനങ്ങളുടെ വിശ്വാസവും പൊതുസേവനത്തിലൂടെ ലഭിച്ച അനുഭവസമ്പത്തും കരുത്തെന്ന് പ്രധാനമന്ത്രി.

**Prime Minister Narendra Modi has completed a quarter-century in administrative leadership; he attributes his strength to the public's trust and the wealth of experience gained through public service.**

2.റിപ്പോ നിരക്ക് 25 ബേസിസ് പോയിന്റ് വർധിപ്പിച്ച് റിസർവ് ബാങ്ക് പുതിയ പണനയം പ്രഖ്യാപിച്ചു.

**The Reserve Bank has announced a new monetary policy, raising the repo rate by 25 basis points.**

3.സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി മുഖ്യമന്ത്രി വി ഡി സതീശൻ എൻടിപിസിയുമായി ന്യൂഡൽഹിയിൽ ചർച്ച നടത്തി.

**Chief Minister V.D. Satheesan held discussions with NTPC in New Delhi to address the state's power crisis.**

4. സംസ്ഥാനത്ത് ഇന്ന് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.

**The India Meteorological Department has forecast the possibility of isolated heavy rainfall in the state today.**

5. അർജന്റീന ജഴ്സിയിൽ അവസാന മത്സരത്തിനിറങ്ങി ലിയോണൽ മെസി, അവസാന മത്സരത്തിലും ഗോൾ നേട്ടം.

**Lionel Messi played his final match in the Argentina jersey, scoring a goal in this last game as well.**

# HEADLINES-1

**PM – VIKSIT BHARAT SANKALP (INTRO)**

*ജനങ്ങളുടെ വിശ്വാസവും ദശലക്ഷക്കണക്കിന് പാർട്ടി പ്രവർത്തകരുടെ അർപ്പണബോധവുമാണ് തന്റെ ഏറ്റവും വലിയ കരുത്തെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ 'വികസിത് ഭാരത് സങ്കൽപ്പ് സഭ'യെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ 25 വർഷത്തെ പൊതുസേവനത്തിലൂടെ ലഭിച്ച ജനവിശ്വാസവും അനുഭവസമ്പത്തുമാണ് തന്റെ വലിയ സമ്പാദ്യമെന്നും പ്രധാനമന്ത്രി പറഞ്ഞു. ഇന്ന് ശ്രീ വിനായക് ക്ഷേത്രത്തിൽ ദർശനം നടത്തി രാജ്യത്തിനും 140 കോടി ജനങ്ങൾക്കുമായി പ്രാർത്ഥിച്ചതായും ശ്രീ മോദി വ്യക്തമാക്കി. (ഹോൾഡ്)*

*രാഷ്ട്രീയത്തെ അധികാരത്തിനപ്പുറം രാജ്യസേവനത്തിനുള്ള ഉപാധിയായാണ് പ്രധാനമന്ത്രി കാണുന്നതെന്ന് ചടങ്ങിൽ സംസാരിച്ച ബി.ജെ.പി ദേശീയ അധ്യക്ഷൻ നിതിൻ നബിൻ പറഞ്ഞു. പാവപ്പെട്ടവർ, യുവാക്കൾ, സ്ത്രീകൾ എന്നിവരുടെ ക്ഷേമത്തിന് ഊന്നൽ നൽകിയാണ് കേന്ദ്രസർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.*

## PM- CONGRATS

പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ആശംസകൾ നേർന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ . എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനം എന്ന കാഴ്ചപ്പാടിനെ ദേശീയ ദൗത്യമാക്കി മാറ്റിയതായിഉപരാഷ്ട്രപതി സമൂഹ മാധ്യമത്തിൽ കുറിച്ചു. ആഭ്യന്തരമന്ത്രി അമിത് ഷാ, ലോക്സഭാ സ്പീക്കർ ഓം ബിർള ,ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി എൻ. ചന്ദ്രബാബു നായിഡു എന്നിവരും പ്രധാനമന്ത്രിയെ അഭിനന്ദിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## BHUTAN-PM -MODI

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 25 വർഷത്തെ പൊതുസേവനത്തെയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഇന്ത്യ കൈവരിക്കുന്ന വികസന മുന്നേറ്റങ്ങളെയും പ്രശംസിച്ച് ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് ടോബ്ഗെ. ഇന്ത്യയുടെ വികസന യാത്ര ഭൂട്ടാൻ അടക്കമുള്ള അയൽരാജ്യങ്ങൾക്കും ആഗോള ദക്ഷിണ മേഖലയ്ക്കും ഒരുപോലെ നിർണായകമാണെന്ന് അദ്ദേഹം പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

# HEADLINES-2

## REV. RBI-25 POINTS (INTRO)

*ആഗോള സാമ്പത്തിക അനിശ്ചിതത്വങ്ങളും വർദ്ധിച്ചുവരുന്ന പണപ്പെരുപ്പവും കണക്കിലെടുത്ത് പലിശ നിരക്കുകൾ വർദ്ധിപ്പിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. റിപ്പോ നിരക്ക് 25 ബേസിസ് പോയിന്റ് വർധിപ്പിച്ച് 5.50 ശതമാനമായാണ് ഉയർത്തിയത്. മൂന്ന് വർഷത്തിന് ശേഷമുള്ള വർധനവ് ഭവന, വാഹന വായ്പകളുടെ ഇഎംഐ വർദ്ധനയ്ക്ക് കാരണമാകും. പണനയസമിതി ഏകകണ്ഠമായാണ് നിരക്ക് വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തതെന്ന് ആർ.ബി.ഐ ഗവർണർ സഞ്ജയ് മൽഹോത്ര പറഞ്ഞു.*
*(ഹോൾഡ്)*

☸☸☸☸☸☸☸☸☸☸☸☸☸

## Mobile Congress

ഇന്ത്യ മൊബൈൽ കോൺഗ്രസിന്റെ പത്താം പതിപ്പിന് ഇന്ന് ന്യൂഡൽഹിയിലെ യശോഭൂമിയിൽ തുടക്കം. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ പരിപാടി ഉദ്ഘാടനം ചെയ്യും."അതിരുകളില്ലാത്ത വളർച്ച" എന്ന പ്രമേയത്തിൽ സംഘടിപ്പിക്കുന്ന പരിപാടി, ടെലികോം, ഡിജിറ്റൽ കണക്റ്റിവിറ്റി, സാങ്കേതിക നവീകരണം എന്നീ മേഖലകളിൽ ഇന്ത്യ കൈവരിച്ച ശ്രദ്ധേയമായ പുരോഗതികളെ പ്രദർശിപ്പിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

☸☸☸☸☸☸☸☸☸☸☸☸☸

# HEADLINES-3

## CM- V D SATHEESAN

സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി മുഖ്യമന്ത്രി വി ഡി സതീശൻ എൻടിപിസിയുമായി ന്യൂഡൽഹിയിൽ ചർച്ച നടത്തി. കായംകുളത്ത് 2000 മെഗാവാട്ട് ശേഷിയുള്ള ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കാനും മഹാരാഷ്ട്രയിൽ നിന്ന് 300 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കാനും തീരുമാനമാതയായാണ് സൂചന. പുനരുപയോഗ ഊർജ്ജ സംഭരണം, അധിക വൈദ്യുതി ലഭ്യത, സാങ്കേതിക സഹകരണം എന്നിവയുൾപ്പെടെയുള്ള സുപ്രധാന മേഖലകളിലും ധാരണയിലെത്തി.

☸☸☸☸☸☸☸☸☸☸☸☸☸

## 2nd India-EFTA Prosperity Summit

2025 ഒക്ടോബർ 1-ന് പ്രാബല്യത്തിൽ വന്ന ഇന്ത്യ- EFTA വ്യാപാര-സാമ്പത്തിക പങ്കാളിത്ത കരാറിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് ന്യൂഡൽഹിയിലെ

ഭാരത് മണ്ഡപത്തിൽ നടക്കുന്ന രണ്ടാമത് ഇന്ത്യ-EFTA പ്രോസ്പെരിറ്റി ഉച്ചകോടിയെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും സ്വിസ് പ്രസിഡന്റ് ഗൈ പാർമെലിനും ഇന്ന് അഭിസംബോധന ചെയ്യും. ഇന്ത്യയിലെയും EFTA അംഗരാജ്യങ്ങളായ സ്വിറ്റ്സർലൻഡ്, നോർവേ, ഐസ്‌ലാൻഡ്, ലിച്ചെൻസ്റ്റൈൻ എന്നിവിടങ്ങളിലെയും മുതിർന്ന സർക്കാർ പ്രതിനിധികളും വ്യവസായ പ്രമുഖരും ഉച്ചകോടിയിൽ പങ്കെടുക്കും.

## PM 25 YEARS

പ്രധാനമന്ത്രി നരേന്ദ്രമോദി, പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി ജനസേവനത്തിലൂടെ രാഷ്ട്രസേവനം എന്ന പ്രത്യേക പരമ്പരയിൽ സാഗർമാല' പദ്ധതിയെ കുറിച്ചാണ് ഇന്ന് പരാമർശിക്കുന്നത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ 2015-ലാണ് കേന്ദ്ര സർക്കാർ 'സാഗർമാല' പദ്ധതിക്ക് തുടക്കമിട്ടത് .തുറമുഖങ്ങളുടെ നവീകരണം, തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കൽ, തീരദേശ സമൂഹങ്ങളെ ശാക്തീകരിക്കൽ എന്നിവയിലൂടെ തുറമുഖ-അധിഷ്ഠിത വികസനം സാധ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

## UKRAINE DRONE- INDIA CREW

റഷ്യയുടെ തെക്കൻ കരിങ്കടൽ തീരത്തുള്ള വിനോദസഞ്ചാര നഗരമായ സോചിക്ക് സമീപം ലൈബീരിയൻ പതാകയുള്ള കപ്പലിന് നേരെ യുക്രേനിയൻ ഡ്രോൺ ആക്രമണം . കപ്പലിൽ ഉണ്ടായിരുന്ന 23 ഇന്ത്യൻ ജീവനക്കാരെ സുരക്ഷിതമായി ഒഴിപ്പിച്ചതായി മന്ത്രാലയം വ്യക്തമാക്കി .

# HEADLINES-5

## Lionel messi

അർജന്റീന ജഴ്സിയിൽ അവസാന മത്സരത്തിനിറങ്ങി ലിയോണൽ മെസി. ബ്യൂണസ് അയേഴ്സിലെ മോണുമെന്റൽ സ്റ്റേഡിയത്തിൽ ആഫ്രിക്കൻ ടീമായ ബെനിനായിരുന്നു എതിരാളികൾ. മത്സരത്തിൽ എതിരില്ലാത്ത മൂന്ന് ഗോളിന്

അർജെൻറീന ജയം സ്വന്തമാക്കി. വിടവാങ്ങൽ മത്സരത്തിൽ മെസി ഒരു ഗോൾ നേടി. 21 വർഷം നീണ്ട ഫുട്ബോൾ കരിയറിലെ 208-ാം മത്സരത്തോടെയാണ് ഇതിഹാസ താരം വിടവാങ്ങുന്നത്.

☸☸☸☸☸☸☸☸☸☸☸☸☸

## COTTON DAY- GIRIRAJ

ഇന്ന് ലോക പരുത്തി ദിനം. പരുത്തിയുടെ ആഗോള സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക പ്രാധാന്യം ഉയർത്തിക്കാട്ടുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. "നന്മയ്ക്കായി പരുത്തി: വ്യാപാരം, പരിവർത്തനം, പങ്കാളിത്തം എന്നിവയിലൂടെ സമൃദ്ധി കെട്ടിപ്പടുക്കുക" എന്നതാണ് ഈ വർഷത്തെ പ്രമേയം. കേന്ദ്രമന്ത്രി ഗിരിരാജ് സിംഗ് ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവർക്കും ആശംസകൾ നേർന്നു. വയലുകളിൽ പരുത്തി കൃഷി ചെയ്യുന്ന കർഷകരെ ആദരിക്കുന്ന ദിനമാണിതെന്ന് അദ്ദേഹം പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## EARTHQUAKE

ഉത്തരാഖണ്ഡിലെ ചമോലി ജില്ലയിൽ 4.9 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം ഉണ്ടായി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലും ഡൽഹിയുടെ ചില പ്രദേശങ്ങളിലും പ്രകമ്പനം അനുഭവപ്പെട്ടു. ഇന്നലെ രാത്രി 10:24 ഓടെയാണ് ഭൂചലനമുണ്ടായതെന്ന് നാഷണൽ സെന്റർ ഫോർ സീസ്മോളജി അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

# HEADLINES-4

സംസ്ഥാനത്ത് ഇന്ന് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിൽ ഇന്ന് രാത്രി വരെ കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണം.

☸☸☸☸☸☸☸☸☸☸☸☸☸

## MoUs- India and Ghana

വിവിധ മേഖലകളിൽ സഹകരണം ശക്തമാക്കുന്നതിൻറെ ഭാഗമായി ഇന്ത്യയും ഘാനയും തമ്മിൽ രണ്ട് ധാരണാപത്രങ്ങൾ കൈമാറി. വിദേശകാര്യ മന്ത്രി

ഡോ. എസ്. ജയശങ്കർ ഘാന സന്ദർശിച്ച വേളയിലാണ് കരാറുകൾ കൈമാറിയത്. ശാസ്ത്രീയ ഗവേഷണം, അക്കാദമിക് മേഖല, കാർഷിക ഗവേഷണം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ സഹകരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് കരാറുകൾ .

## Madrasah Commission -West Bengal

മദ്രസ വിദ്യാഭ്യാസ കമ്മീഷൻ റദ്ദാക്കി പശ്ചിമ ബംഗാൾ സർക്കാർ . കമ്മീഷനെ സ്കൂൾ സർവീസ് കമ്മീഷനുമായി ലയിപ്പിച്ചതായും,ഇനി മുതൽ മദ്രസകളിലെ നിയമന നടപടികൾ SSC-യുടെ കീഴിലാകുമെന്നും മുഖ്യമന്ത്രി സുവേന്ദു അധികാരി അറിയിച്ചു . മദ്രസകളിലെ അധ്യാപക നിയമനം സുതാര്യവും നിഷ്പക്ഷവുമാക്കാൻ വേണ്ടിയുള്ള നടപടിയുടെ ഭാഗമായാണ് പുതിയ നീക്കം .

## ASSAM-RIFLES

ത്രിപുരയിലെ ഖോവായ് ജില്ലയിൽ നിന്ന് 1.74 കോടി രൂപയുടെ 340 കിലോഗ്രാം കഞ്ചാവ് അസം റൈഫിൾസ് പിടികൂടി. ലഹരിമരുന്ന് കടത്താൻ ഉപയോഗിച്ച വാഹനവും പിടിച്ചെടുത്തു പിടിച്ചെടുത്ത ലഹരിമരുന്നും വാഹനവും തുടർനടപടികൾക്കായി കസ്റ്റംസ് അധികൃതർക്ക് കൈമാറി.

## UN-INDIA OIC

ജമ്മു-കശ്മീരിനെക്കുറിച്ചും പാകിസ്ഥാനിലെ ഭീകരവാദ ശൃംഖലകൾക്കെതിരെയും സ്വീകരിച്ച നടപടികളെക്കുറിച്ച് ഓർഗനൈസേഷൻ ഓഫ് ഇസ്‌ലാമിക് കോ-ഓപ്പറേഷന്റെ പരാമർശങ്ങൾ ഇന്ത്യ തള്ളി. യു എൻ പൊതുസഭ യുടെ ആറാമത് സമിതി യോഗത്തിൽ ലോക്സഭാ എംപി ബിപ്ലബ് കുമാർ ദേബാണ് ഇന്ത്യൻ നിലപാട് വ്യക്തമാക്കിയത് .